PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY
FIRST SESSION—1950
Tuesday, *the 11th April 1950.*

Vol. I] OFFICIAL REPORT [No. 25

The Assembly met in the Legislative Chamber, Trivandrum at Eleven of the Clock on Tuesday, the 11th April 1950 with Mr. Speaker in the Chair.

Reference re: a statement published in "the Desabhandu" dated the 9th April 1950.

Sri. K. S. Joseph : Sir, I wish to draw your attention and the attention of the Hon'ble Members of this House to a statement made in "The Desabhandu" dated 27th Meenam 1125 corresponding to 9th April 1950, where, I think, the question of the privileges of the Speaker of this House as also the privileges of the Members of this House arises. With your permission, Sir, I shall read the relevant portion from the paper.

നിയമസഭയിലെ രംഗങ്ങൾ

"വിശ്വേ" ദേവസ്വംബിൽ നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ടു പ്ര. മന്ത്രി ഒരു മൈതാനപ്രസംഗം ഉച്ചഭാഷിണിയിൽക്കൂടി നടത്തി. ആ പ്രസംഗത്തിന്റെ അനന്തരഫലമായി പള്ളികളിൽ കൂട്ടമണിയടിക്കുന്നുണ്ടായിരുന്നു എന്നു ചിലർ പറഞ്ഞുകേട്ടു. അങ്ങിനെയാണെങ്കിൽ, അതിൽ കൂടുതൽ വിശേഷതയൊന്നും ആ പ്രസംഗത്തിലില്ലായിരുന്നു. ദേവസ്വംബിൽ ഒരു വായുഗുളികയാണെന്നും, വായുവേഗത്തിൽ അതു പാസ്സാക്കിയെടുക്കേണ്ടതാണെന്നും, അതുകൊണ്ടു് സ്റ്റാൻറിംഗ് ഓർഡറുകൾ, സിറ്റിംഗ് ഓർഡറുകൾ, വാക്കിംഗ് ഓർഡറുകൾ മുതലായ സകല നിയമസഭാ ചട്ടങ്ങളും സസ്പെൻഡു് ചെയ്യണമെന്നും ബഹു. സ്പീക്കർ അവർകളോടു പ്ര. മന്ത്രി ആവശ്യപ്പെട്ടു. ശ്രീ. പട്ടം, കെ. പി., ശിവരാമപിള്ള, നടരാജപിള്ള, പാച്ചുപിള്ള മുതലായവർ ദേവസ്വം വസ്തുക്ഷേപശ്രമത്തെ കഠിനമായി എതിർത്തു. അവർ ഹിന്ദുമത വിദ്വേഷികളും രാജ്യദ്രോഹികളുമാണെന്നുള്ള കാരണത്താൽ അവരുടെ ആക്ഷേപങ്ങൾ തള്ളി. ബില്ലുംകൊണ്ടു വിമാനവേഗത്തിൽ പോകുവാൻ അനുവദിച്ചു, നിയമതടസ്സങ്ങൾ എല്ലാം നീക്കിക്കൊടുത്തു. ദേവസ്വം ബിൽ ചർച്ചകൾ ആരംഭിച്ചു. എതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ, പ്രസംഗങ്ങൾ മതിയെന്നുള്ള സമാപനപ്രമേയം പ്ര. മന്ത്രി കൊണ്ടുവന്നു പാസ്സാക്കി. പത്തരമാറു് ദേശീയക്കാരടങ്ങിയ സിലക്ടു് കമ്മിറ്റിക്കു ബിൽ അയച്ചിരിക്കയാണു്. മേനോൻ സാറിന്റെ വ്യവസ്ഥകളും കൂടെ ചേർത്തു്, പെസഹാകഴിഞ്ഞു ബിൽ വീണ്ടും സഭയിൽ വരും. വിഷുദിവസം കാര്യങ്ങൾ ശരിപ്പെടുത്തണമെന്നാണു് ഫിലിപ്പോസു് പക്ഷം.

സ്പീക്കറുടെ കടമ

കക്ഷിരഹിതനായ സ്പീക്കറോടു് ഒരഭ്യർത്ഥനയുണ്ടു്. അദ്ദേഹം എല്ലാ കക്ഷികളോടും തുല്യമായ നീതികാണിക്കുവാൻ ബാദ്ധ്യസ്ഥനാണു്. ഹിന്ദുക്കൾക്കു് ഏറ്റവും പ്രിയപ്പെട്ട ഒരു കാര്യമാണു് ഈ ദേവസ്വംബിൽ. ഒരു നിയമത്തെ സംബന്ധിച്ചു് അവശ്യം അനുഭാവിക്കേണ്ടതായുള്ള യാതൊരു പടങ്ങുകളും ദേവസ്വംബില്ലിനെ സംബന്ധിച്ചു് ഗവണ്മെണ്ടു് ചെയ്തിട്ടില്ല. ഭൂരിപക്ഷം നിർവ്വിഘ്നം നടത്തിക്കൊണ്ടു പോകണമെന്നുള്ള സഭാദ്ധ്യക്ഷത്തോടുകൂടി അവരുടെ പല കൊള്ളരുതായ്മകളേയും ഇതിനു മുൻപും സ്പീക്കർ അവർകൾ ദാക്ഷിണ്യമായി കരുതി, അവരെ സഹായിക്കുവാൻ ഉദ്യമിച്ചിട്ടുണ്ടു്. എന്നിട്ടും, ഒരിഞ്ചുപോലും അവർ നന്നായിട്ടില്ലെന്നുള്ളതു് സ്പീക്കർക്കു് ഇതിനകം ബോദ്ധ്യമായിട്ടുള്ളതാണു്. കക്ഷിരഹിതനായ ഒരു സ്പീക്കർ, തുടരെയുള്ള ഇത്തരം ക്രമക്കേടുകൾക്കും കൊള്ളരുതായ്കകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

[Sri K. S Joseph]

എന്തിനും കൂട്ടനിന്നും അമഷ്ത്തിനും അപഹാസത്തിനും ഇടകൊടുക്കുന്നു? ഈ ഉന്നടപടികളിൽനിന്നും പീലാത്തോസിനെപ്പോലെ കൈകഴുകേണ്ട സമയവും സന്ദർഭവും അതിക്രമിച്ചിരിക്കുന്നു. ഹിന്ദുജനതയെ ആകമാനം ക്ഷോഭിപ്പിച്ചിരിക്കുന്ന ഈ ദേവസ്വം ബില്ലിന്റെ ചട്ടുകപ്പെങ്കിലും, സ്പീക്കർ അവർകൾ ധാരാളം അവസരം കൊടുക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ന്യായമായ ചട്ടുകളെ ശ്വാസംമുട്ടിക്കുന്ന തരത്തിലുള്ള ഭരണകക്ഷിയുടെ ഉന്നയങ്ങൾ അതർഹിക്കുന്ന അവജ്ഞയോടുകൂടി അവഗണിക്കുമെന്നു്. വിശ്വസിക്കുന്നു. "ഓട്ടപ്രദിക്ഷണ" നയം സ്വീകരിക്കുവാൻ തയ്യാറായിരിക്കുന്ന ഭരണകക്ഷിയെ, നിലയ്ക്കു നിർത്തേണ്ട കടമ ബഹു. സ്പീക്കർക്കുള്ളതാണെന്നു് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

This is the portion to which I refer. I think that this is a matter which affects the privileges of the House and I place it before the House for consideration.

Sri. C. V. Iyyu: May I know whether it is an editorial or an article?

ശ്രീ. കെ. എസ്സ്. ജോസഫ്: വീമർശനവീഥി ആണു്.

ശ്രീ. കെ. എ. മാത്യു: ഏതു പത്രത്തിലാണു്?

Sri. K. S. Joseph: I said it is an article appearing in "The Desabhandu" dated 9th April 1950.

Sri. C. V. Iyyu: Is it a signed article or an editorial?

Sri. K. S. Joseph: In this connection I may bring to your notice that on a similar occasion when a report as in the present case appeared in a paper called "Bharathi" questioning the privileges of the Speaker of the Travancore Assembly, the matter was discussed here and it was found to be a breach of the privileges of the House and the privileges of the paper were withdrawn.

I may also bring to your notice that the Editor-in-chief of this paper is an Hon'ble Member of this House—Sri. K. N. Sankunni Pillai B. A. B. L.

Mr. Speaker: The matter will be referred to the Privileges Committee. After the report is received from the Privileges Committee, the matter will be looked into and proper action taken

ശ്രീ. മന്നത്തു പത്മനാഭൻ: ഇപ്പോൾ പറഞ്ഞതെന്താണെന്നു് മനസ്സിലായില്ല. അതു് ഒന്നു മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: സ്പീക്കർ എഴുന്നേറ്റുനിൽക്കുമ്പോൾ മറ്റൊരു മെമ്പർ എഴുന്നേറ്റുനിന്നു ചോദ്യം ചോദിക്കുന്നതു് ശരിയല്ല. സ്പീക്കർക്കു് പറയാനുള്ളതു് പറഞ്ഞുകഴിഞ്ഞു ഇരുന്നതിനുശേഷം മെമ്പർക്കു് ചോദിക്കേണ്ടതു് ചോദിക്കാവുന്നതാണു്.

ശ്രീ. മന്നത്തു പത്മനാഭൻ: സ്പീക്കർ ഇരുന്നു എന്നു വിചാരിച്ചാണു് ഞാൻ എഴുന്നേറ്റുനിന്നതു്. ഇവിടെ ഒരു പത്രഭാഗം ഉദ്ധരിച്ചുകൊണ്ടു് എന്തൊ പറഞ്ഞു. അതിനെപ്പറ്റി ചെയ്യേണ്ട തീരുമാനമെന്താണെന്നാണു് ഞാൻ ചോദിച്ചതു്. അതു് ഇംഗ്ലീഷിൽ പറഞ്ഞതുകൊണ്ടു് എനിക്കു മനസ്സിലായില്ല.

മി. സ്പീക്കർ: ഈ സഭയുടെയും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടേയും സ്പീക്കറുടെയും അവകാശങ്ങൾക്കും അന്തസ്സിനും ഹാനികരമായ ചില പ്രസ്താവനകൾ ആ പത്രത്തിലുണ്ടെന്നാണു് ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതു്. ആ കാര്യം പ്രിവിലേജസ് കമ്മറ്റിയുടെ പര്യാലോചനക്കു വയ്ക്കുന്നതും കമ്മിറ്റിയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം അതിന്മേൽ ന്യായമായ നടപടികൾ നടത്തുന്നതുമാണെന്നാണു് സ്പീക്കർ പ്രസ്താവിച്ചതു്.

Sri. K. Sivarama Pillai: May I remind the Chair that we have not got a Privileges Commitee now? After the Constitution has come and after we assembled, no such committee has been constituted.

Mr. Speaker: During the last session we had a Privileges Committee which has not been dissolved.

LIBRARY ARCHIVES Kerala Legislative Assembly